**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2226**

**14-06-2019 - ലെ മറുപടിക്ക്**

**സെക്രട്ടറിയേറ്റ് ഓഫീസ് മാന്വൽ ബാധകമല്ലാത്ത ധനകാര്യ നോഡൽ (സി) സെക്ഷൻ**

| ചോദ്യം<br>**ശ്രീ.എം.ഉമ്മർ** | മറുപടി<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| എ) സെക്രട്ടറിയേറ്റ് ഓഫീസ് മാന്വൽ ഖണ്ഡിക 151,152,218,10 എന്നീ വ്യവസ്ഥകളും, 24.02.2003 ലെ സ.ഉ. (എം.എസ്) നം 3/2003/ഉ.ഭ.പ.വ, 03.06.2017 ലെ സ.ഉ. (എം.എസ്.)നം.14/2017/ഉ.ഭ.പ.വ., 24.07.2018-ലെ റൂൾസ്2/94/2018/ഉ.ഭ.പ.വ നമ്പർ സർക്കുലർ ഉൾപ്പെടെയുള്ളവ ധനകാര്യ നോഡൽ സി സെക്ഷന് ബാധകമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | സെക്രട്ടേറിയറ്റിലെ എല്ലാ സെക്ഷനുകൾക്കും സെക്രട്ടേറിയറ്റ് മാന്വലിലെ വ്യവസ്ഥകളും,അത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ബന്ധപ്പെട്ട ഉത്തരവുകളും ബാധകമാണ് അതിനാൽ ധനകാര്യനോഡൽ സെന്റർ-സി) സെക്ഷനും ബാധകമാണ്. |
| ബി) ഉണ്ടെങ്കിൽ ധനകാര്യ നോഡൽ സി സെക്ഷനിൽ ലഭിച്ച ഒരു ഫയൽ (കംമ്പ്യൂട്ടർ നമ്പർ 379064 ഐ.ഡി. നമ്പർ 550) ദീർഘകാലം നടപടി സ്വീകരിക്കാതെ കൈവശം വച്ചതിന്റെ കാരണങ്ങൾ വിശദമാക്കാമോ? | കമ്പ്യൂട്ടർ നം. 379064/ഐഡി നം.550 ഫയൽ ദീർഘകാലം നടപടി സ്വീകരിക്കാതെ കൈവശം വെച്ചിട്ടില്ല.ലോക് സഭാ തെരഞ്ഞെടുപ്പിന്റെ മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ പുതുക്കിയ ഭരണാനുമതി ആവശ്യമുള്ള ഇത്തരം ശിപാർശകൾക്ക് അടിയന്തിര സ്വഭാവത്തോടെ തീരുമാനം കൈക്കൊള്ളാൻ കഴിയാത്തതാണ് ഫയലിൽ തീരുമാനം വൈകിയതിന് കാരണം. |
| സി)പ്രസ്തുത ഫയൽ തീർപ്പാക്കുന്ന കാര്യത്തിൽ മേൽ സൂചിപ്പിച്ച മാന്വലിലെ വകുപ്പുകളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും ബാധകമല്ലായെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഏത് വ്യവസ്ഥ പ്രകാരമാണ് പ്രസ്തുത സെക്ഷൻ പ്രവർത്തിക്കുന്നതെന്നറിയിക്കാമോ? | പ്രസ്തുത ഫയൽ തീർപ്പാക്കുന്ന കാര്യത്തിൽ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ വകുപ്പുകളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും ബാധകമാക്കിയാണ് സെക്ഷൻ പ്രവർത്തിച്ചത് |
| ഡി) പ്രസ്തുത ഫയലിന്മേൽ കാലതാമസം വരുത്തിയ ജീവനക്കാരിൽ നിന്നും വിശദീകരണം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | പ്രസ്തുത ഫയലിൽ കാലതാമസം വരുത്തിയിട്ടില്ല |
| ഇ) മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ വകുപ്പുതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | വീഴ്ചകൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ് |
| എഫ്) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഫയൽ എന്നത്തേക്ക് ഭരണവകുപ്പിന് നൽകുവാൻ സാധിക്കുമെന്നറിയിക്കാമോ; വിശദമാക്കാമോ? | ടി ഫയൽ 17.05.2019 ന് ഭരണ വകുപ്പിന് മടക്കി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**